കേരള സർക്കാർ

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

നം.ജെ2/48/18/പൊവിവ തിരുവനന്തപുരം, തീയതി 24-10-2018

## സർക്കുലർ

വിഷയം:- പൊവിവ- ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ - സ്പഷ്ടീകരണം - സംബന്ധിച്ച്.

സൂചന:- സ.ഉ (കൈ) നം.119/2018/പൊവിവ തീയതി 23/08/2018.

എയ്ഡഡ് സർവ്വീസിൽ പ്രവേശിച്ച് ഡിവിഷൻ കുറവ് മൂലം തസ്തിക നഷ്ടപ്പെട്ട് അദ്ധ്യാപകപാക്കേജിന്റെ ഭാഗമായി ക്ലസ്റ്റർ കോർഡിനേറ്റർമാരായി നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ ക്രമവത്ക്കരിക്കുന്നതു സംബന്ധിച്ച് സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ നൽകിയിരുന്നു. അവ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് താഴെപറയും പ്രകാരം സ്പഷ്ടീകരണം നല്കുന്നു:-

(I). സൂചനയിലെ സർക്കാർ ഉത്തരവിലെ രണ്ടാമത് വ്യവസ്ഥ "റിട്രഞ്ച് ചെയ്യപ്പെട്ട തീയതി മുതൽ ക്ലസ്റ്റർ കോർഡിനേറ്ററായി ചുമതലയേല്ക്കുന്നത് വരെയുള്ള കാലയളവ് ശൂന്യവേതനാവധി ആയി പരിഗണിച്ച് റഗുലറൈസ് ചെയ്യേണ്ടതാണ്" എന്നത് നടപ്പാക്കുന്നതിനുള്ള നിർദ്ദേശം അതത് എ.ഇ.ഓ/ഡി.ഇ.ഓ യ്ക്ക് നൽകുന്നു. അതത് ക്ലസ്റ്റർ കോർഡിനേറ്ററിൽനിന്നും മേല്പറഞ്ഞ കാലയളവ് ശൂന്യവേതനാവധിയാക്കി ഉത്തരവാക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട എ.ഇ.ഓ/ ഡി.ഇ.ഓ വാങ്ങി സേവനപുസ്തകം/ബന്ധപ്പെട്ട മറ്റു രേഖകൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തിയശേഷം പ്രസ്തുത അവധി അപേക്ഷ അതിലെ കാലദൈർഘ്യം എത്രതന്നെയായാലും പാസ്സാക്കേണ്ടതും അത് സംബന്ധമായ രേഖപ്പെടുത്തൽ സേവനപുസ്തകത്തിൽ വരുത്തേണ്ടതുമാണ്. അവധി അപേക്ഷ പാസ്സാക്കുമ്പോൾ . പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി നേടുന്നതിനുള്ള കാലയളവ് എന്നിവയ്ക്ക് പരിഗണിക്കുന്നതല്ലെന്ന് വ്യക്തമാക്കേണ്ടതാണ്.

(II). മേൽ സർക്കാർ ഉത്തരവിലെ മൂന്നാമത് വ്യവസ്ഥ "ക്ലസ്റ്റർ കോർഡിനേറ്ററായി ചുമതലയേറ്റ തീയതി മുതൽ 28-01-2016 വരെയുള്ള കാലയളവ് സേവനഭംഗം ഒഴിവാക്കുന്നതിനായി നോൺ-ഡ്യൂട്ടിയായി കണക്കാക്കേണ്ടതാണ്" എന്നുള്ളതിനാൽ ഇത്രയും പേരുടെ നോൺ-ഡ്യൂട്ടി കാലയളവുകൾ ഓഫീസ് രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് കൃത്യത ഉറപ്പാക്കിയശേഷം ബന്ധപ്പെട്ട എ.ഇ.ഓ/ ഡി.ഇ.ഓ ഓരോ ക്ലസ്റ്റർ കോർഡിനേറ്ററുടേയും സർവ്വീസ് ബുക്കിൽ പ്രസ്തുത കാലയളവ് നോൺ ഡ്യൂട്ടിയായി കണക്കാക്കിയിരിക്കുന്നു എന്നും പ്രസ്തുത കാലയളവിലേക്ക് SSA യിൽ നിന്നു കൈപ്പറ്റിയ പ്രതിഫലമൊഴികെ യാതൊരു സർവ്വീസ് ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല എന്നുമുള്ള രേഖപ്പെടുത്തൽ വരുത്തേണ്ടതാണ്.

(III). തസ്തിക നഷ്ടം സംഭവിച്ചതിലൂടെ, സർവശിക്ഷാ അഭിയാൻ പദ്ധതിയിൽ ക്ലസ്റ്റർ കോർഡിനേറ്റർമാരായി നിയമിക്കപ്പെട്ട അദ്ധ്യാപകർ ടി കാലയളവിൽ എസ്.എസ്.എ യിൽ നിന്നും കൈപ്പറ്റിയ യാതൊരു വിധത്തിലുള്ള പ്രതിഫലവും തിരിച്ചുപിടിക്കുന്നതല്ല. എന്നിരുന്നാലും ക്ലസ്റ്റർ കോർഡിനേറ്റർമാരായി ജോലി നോക്കിയ കാലയളവിലേയ്ക്ക് എസ്.എസ്.എ യിൽ നിന്നും കൈപ്പറ്റിയ പ്രതിഫലമൊഴികെ യാതൊരു സർവ്വീസ് ആനുകൂല്യങ്ങൾക്കും അവർക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എച്ച്. നജീബ്**

ജോയിന്റ് സെക്രട്ടറി

സ്വീകർത്താക്കൾ :

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടമാർക്കും, ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (നം. 754493/എഡ്യൂ.എ 2/54/2018-ഫിൻ തീയതി 23/06/2018)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പബ്ളിക്ക് റിലേഷൻസ് (വെബ് & ന്യൂമീഡിയ/പ്രസ് റിലീസ്) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ